## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 1152

13/06/2013ൽ മറുപടിയ്ക്ക്

### പഴയകുന്നുമ്മേലിൽ പൊതുകുളം കയ്യേറ്റം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി) | |
| (എ) | പഴയകുന്നുമ്മേൽ വില്ലേജിൽ സർവ്വേ നമ്പർ 122/18 കുറവൻകുഴിയിൽ ഉള്ള പൊതുകുളം വ്യാജരേഖ ചമച്ച് സ്വകാര്യ വ്യക്തി കൈവശപ്പെടുത്തിയതുമായി ബന്ധപ്പെട്ട് നൽകിയിട്ടുള്ള പരാതിയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; | (എ) | പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പരാതി പ്രകാരം താലൂക്ക് സർവ്വെയർ സ്ഥലവും രേഖകളും പരിശോധിച്ചതിൽ പരാതിയ്ക്കാസ്പദമായ സ്ഥലം പഴയകുന്നുമ്മൽ വില്ലേജിൽ മുൻസർവ്വേ 2073/10/52-ൽപ്പെട്ടതാണെന്നും, ലാന്റ് രജിസ്റ്റർ പ്രകാരം 5948 നമ്പർ തണ്ടപ്പേരിൽ ഖദീജാ ഉമ്മാൾ ആമീന ഉമ്മാൾ പേരിലും, കൈവശക്കാരന്റെ സ്ഥാനത്ത് പഴയകുന്നുമ്മൽ പഞ്ചായത്ത് കുളം എന്നുമാണ് രേഖപ്പെടുത്തി കാണുന്നത്. റീസർവ്വേ പ്രകാരം ബ്ലോക്ക് 31-ൽ റീസർവ്വേ 122/18-ൽ 1.00 ആർ ;1079 നമ്പർ തണ്ടപ്പേർ പ്രകാരം ഖദീജാ ഉമ്മാൾ ആമിനാ ഉമ്മാൾ പേരിൽ ഉണ്ടായിരുന്നത് പി.വി.407/12 പ്രകാരം 0.40 ആർ ഉം, പി.വി.696/12 പ്രകാരം 0.60 ആർ ഉം വസ്തുക്കൾ ഉൾപ്പെടെ 1.00 ആർ ശ്രീ.കൃഷ്ണൻ ചെട്ടിയാർ മകൻ വിജയകുമാർ ചേർന്ന് 12152/31 നമ്പർ തണ്ടപ്പേർ പിടിച്ചിട്ടുള്ളതായിട്ടാണ് കാണുന്നത്.<br>പരാതിക്കാസ്പദമായ റീസർവ്വേ 122/18-ൽ 1.00 ആർ സ്ഥലം കിളിമാനൂർ നിലമേൽ റോഡിൽ കുറവൻകുഴി ജംഗ്ഷനു 200 മീറ്റർ വടക്കായി ടി റോഡിൽ ചേർന്ന് പടിഞ്ഞാറായി വരുന്നതും, ആയതിനു ചുറ്റും കല്ലുകെട്ടി സംരക്ഷിച്ചിട്ടുള്ള ഒരു ചതുര കുളമുണ്ടെന്നും വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോക്കുവരവ് രജിസ്റ്റർ പരിശോധിച്ചതിൽ പി.വി.407/12 എന്നത് 4180/81 നമ്പർ വിലയാധാര |

| | | |
|---|---|---|
| | | പ്രകാരം 122/18-ൽ 1.00 ആർ ആമിന ഉമ്മാൾ എന്നയാൾ ശ്രീ.വിജയകുമാറിന് എഴുതി കൊടുത്തതായിട്ടാണ് രേഖപ്പെടുത്തി കാണുന്നത്. പഴയ കുന്നുമ്മൽ വില്ലേജിൽ 1981-ൽ റീസർവ്വേ നടപ്പിലായിട്ടില്ലാത്തതിനാൽ ടി വിലയാധാരത്തിൽ റീസർവ്വേ നമ്പർ രേഖപ്പെടുത്തി വന്നിട്ടില്ല. പി.വി.696/12 എന്നത് 2455/11 നമ്പർ വിലയാധാര പ്രകാരം റീസർവ്വേ 122/18-ൽ 0.60 ആർ ആമിന ഉമ്മാൾ, വിജയന് എഴുതി കൊടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി പോക്കുവരവ് ഫയലിനോടൊപ്പം ചേർത്തിട്ടുള്ള ആധാരം 3259/2008 നമ്പർ വിലയാധാരമാണെന്നും, ടി ആധാരത്തിൽ ചേർത്തിട്ടുള്ള റീസർവ്വേ നമ്പർ 122/17 ആണെന്നുമാണ് കാണുന്നത്. 122/18-ൽ 1.00 ആർ സ്ഥലം തണ്ടപ്പേർ കക്ഷിയായ ആമിന ഉമ്മാൾ പഞ്ചായത്തിന് വിട്ടു നൽകിയതായി 30.03.2013-ൽ നടത്തിയ വിചാരണ വേളയിൽ പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ അവകാശപ്പെട്ടുവെങ്കിലും ടി വസ്തു പഞ്ചായത്ത് ഏറ്റെടുത്തതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. |
| (ബി) | വ്യാജരേഖ ചമച്ച് കൈവശ പ്പെടുത്തിയതായി രേഖകളിൽ നിന്നും വ്യക്തമാകുന്നുണ്ടോ എന്നറിയിക്കുമോ ? | (ബി) പഴയ കുന്നുമ്മൽ വില്ലേജിൽ പി.വി.696/12 നമ്പർ ഫയൽ പ്രകാരം റീസർവ്വേ 122/17 ൽപ്പെട്ട വസ്തുക്കൾ ഉൾപ്പെട്ട 3259/2008 നമ്പർ വിലയാധാരം ചേർത്താണ് റീസർവ്വേ 122/18 ൽപ്പെട്ട വസ്തു പോക്കുവരവ് ചെയ്ത് നൽകിയിട്ടുള്ളതെന്ന് കാണുന്നു. നിലവിലുള്ള ആധാരം പരിശോധിച്ചതിൽ ശ്രീ.വിജയകുമാറിന് റീസർവ്വേ 122/18-ൽ 1.00 ആർ ഭൂമി ലഭിച്ചതിനുള്ള യാതൊരുവിധ രേഖകളും പരിശോധനയിൽ കണ്ടെത്താൻ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ പോക്കുവരവ് ചെയ്ത് നൽകിയിട്ടുള്ളത് തെറ്റാണെന്ന് കാണുന്നു. ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ